ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ. ശ്രീ.ബി.ടി.വി.കൃഷ്ണൻ, ബി.ടെക്.)

**ഉത്തരവ് നമ്പർ. ബി2/118/2020/സി.ഇ തീയതി: 27/10/2020**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 (സിവിൽ) തസ്തികയിൽ നിന്നും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഉത്തരവ് നം. ബി2-119/2020/സി.ഇ തീയതി. 27/10/2020.

ഈ വകുപ്പിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഓവർസിയർ(സിവിൽ) ആയ ശ്രീ.കെ.അനിൽകുമാറിന് ബൈട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിയമനം നൽകി പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രകാരം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (സിവിൽ) തസ്തികയിലെ ഒരു ഒഴിവ് പ്രമോഷൻ മുഖാന്തരം നികത്തേണ്ടതുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം പൊന്നാനി സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.പി.റ്റി.സുശീലയാണ് സ്ഥാനക്കയറ്റത്തിന് അർഹയായിട്ടുള്ളത്. ഈ സാഹചര്യത്തിൽ താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊന്നാനി സബ് ഡിവിഷനിലെ രണ്ടാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ശ്രീമതി.പി.റ്റി. സുശീലയെ 26500 - 56700 രൂപ ശമ്പളസ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി തലായി സബ് ഡിവിഷനിൽ ശ്രീ.കെ.അനിൽകുമാറിന് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിച്ചുത്തരവാകുന്നു. ശ്രീമതി.പി.റ്റി.സുശീല, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തലായി മുമ്പാകെ ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.പി.റ്റി.സുശീല (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :
1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനയീർ, തലായി / പൊന്നാനി.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കണ്ണൂർ, മലപ്പുറം
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല, കോഴിക്കോട്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh